LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യ സമര പെൻഷൻ

30 (1894) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനായി സ്വാതന്ത്ര്യസമര സേനാനികൾ സർക്കാർ ഓഫീസുകളും, കോടതികളും കയറിയിറങ്ങുന്നത് ഗൗരവമായി പരിഗണിക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ, ചേർത്തല താലൂക്കിൽ, വടക്കുമുറിപത്തി, പുതുശ്ശേരിയിൽ കുട്ടന്റെ മകനും സ്വാതന്ത്ര്യ സമരസേനാനിയുമായ ശ്രീ. പി. കെ. ദാസൻ കേന്ദ്ര പെൻഷനു വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ശ്രീ. പി. കെ. ദാസന് കേന്ദ്ര പെൻഷൻ അനുവദിക്കാൻ യോഗ്യനാണെന്ന ബഹു: കോടതിയുടെ വിധി (W.P (C) No. 31232 of 2007 -R) പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കോടതിയുടെ അനുകൂല വിധിയുണ്ടായിട്ടും ശ്രീ. പി. കെ. ദാസന് കേന്ദ്ര പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയായി കണ്ട് അടിയന്തര നടപടി കൈകൊള്ളുവാൻ നിർദ്ദേശം നൽകുമോ ;

(ഇ) കെട്ടിക്കിടക്കുന്ന ഇത്തരം അപേക്ഷകളും അപ്പീലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് സ്വാതന്ത്ര്യ സമര സേനാനികളോട് കൂറുപുലർത്തുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിന് മതിയായ തെളിവുരേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകരുടെ അപേക്ഷയിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ അനുവദിക്കുന്നതിന് അന്തിമ തീരുമാനം കൈക്കൊള്ളുന്നത് കേന്ദ്രസർക്കാരാണ്.

(ബി) സ്വാതന്ത്ര്യ സമര സേനാനി കേന്ദ്രപെൻഷൻ അനുവദിക്കുന്നതിന് ശ്രീ. പി. കെ. ദാസൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ നിയമാവലി അനുസരിച്ചുള്ള തെളിവുരേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. ആയതിന് നിരവധി തവണ അപേക്ഷകനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെ ടിയാൻ തെളിവുരേഖകൾ ഹാജരാക്കിയിട്ടില്ല. എന്നാൽ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീ. ദാസൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4643/2008-ന്റെ 9-12-2008-ലെ വിധിന്യായം നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ അപേക്ഷ കേന്ദ്രഗവൺമെന്റിലേക്ക് അനന്തര

നടപടികൾക്കായി അയച്ചുകൊടുക്കുകയും ആയതിന്മേൽ 23-5-2014-ൽ കേന്ദ്രഗവൺമെന്റ് തെളിവുരേഖകളുടെ അഭാവത്തിൽ നിരസിത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് അപേക്ഷകന്റെ മേൽവിലാസത്തിൽ അയച്ചുകൊടുത്തിട്ടുള്ളതും എന്നാൽ കൈപ്പറ്റിയിട്ടില്ലാത്തതുമാകുന്നു.

(സി) ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള വിധിന്യായം കേരള പെൻഷൻ സംബന്ധിച്ചുള്ളതാണ്. ഈ വിധിന്യായം നടപ്പാക്കിയിട്ടുണ്ട്. കേരള സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ നിലവിൽ ശ്രീ. പി. കെ. ദാസന് ലഭിച്ചുവരുന്നു.

(ഡി) സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീ പി. കെ. ദാസൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4643/2008 ന്റെ വിധിന്യായം അനുസരിച്ച് അദ്ദേഹം സമർപ്പിച്ച അപേക്ഷയിന്മേലുള്ള അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ അപാകതകൾ പരിഹരിക്കാൻ സാധിച്ചില്ല. ആയതിനാൽ കോടതിവിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ അപേക്ഷ കേന്ദ്രഗവൺമെന്റിലേക്ക് അനന്തര നടപടികൾക്കായി അയച്ചുകൊടുക്കുകയും ആയതിന്മേൽ 23-5-2014-ൽ കേന്ദ്രഗവൺമെന്റ് തെളിവുരേഖകളുടെ അഭാവത്തിൽ നിരസിത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ടിയാളുടെ മേൽവിലാസത്തിൽ അയച്ചുകൊടുത്തെങ്കിലും കൈപ്പറ്റിയിട്ടില്ല.

(ഇ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അപേക്ഷകളിന്മേൽ അന്തിമ തീരുമാനം സ്വീകരിക്കുന്നത് കേന്ദ്രസർക്കാരാണ്.

സ്വാതന്ത്ര്യസമര സേനാനികളുടെ ക്ഷേമം

31 (1895) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ ക്ഷേമവും അവർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങളും പരിഗണനയിലുണ്ടോ ;

(ബി) ഇവരിൽ കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി അർഹതയുള്ള ആശ്രിതർക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇവരുടെ പെൻഷൻ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly